കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതി 14 ജില്ലകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് ഉത്തരവ് പുറപ്പെടുവിക്കുന്നു.

==============================================================

തദ്ദേശ സ്വയംഭരണ (എസി) വകുപ്പ്

സ.ഉ (സാധാ)നം.1637/11/തസ്വഭവ. തിരുവനന്തപുരം,തീയതി: 08.07.11

==============================================================

പരാമർശം:- 1. സ.ഉ (സാധ)നം.2952/2007/തസ്വഭവ തീയതി 31.10.2007.
2. സ.ഉ (കൈ)നം.305/2010/തസ്വഭവ തീയതി 21.12.2010.
3. സ.ഉ (ആർ.റ്റി) നം.417/2011/തസ്വഭവ തീയതി 9.2.2011.
4. ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ച 100 ദിവസത്തെ കർമ്മ പദ്ധതി.

## ഉത്തരവ്

2005-ലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു നിയമത്തിലെ 17-ാം വകുപ്പ് രണ്ടാം ഉപ വകുപ്പ് പ്രകാരം ഗ്രാമ പ്രദേശത്തു നടക്കുന്ന എല്ലാ പ്രവൃത്തികളും സോഷ്യൽ ഓഡിറ്റിന് വിധേയമാക്കേണ്ടതാണ്. പരാമർശം 1-ലെ സർക്കാർ ഉത്തരവ് പ്രകാരം പരിഷ്ക്കരിച്ച സോഷ്യൽ ഓഡിറ്റ് മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. പരാമർശം 2-ലെ സർക്കാർ ഉത്തരവ് പ്രകാരം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സോഷ്യൽ ഓഡിറ്റ് വിപുലമായ ജനപങ്കാളിത്തത്തോടെ നടത്തുന്നതിന് സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിൽ, സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ, ജില്ലാ സോഷ്യൽ ഓഡിറ്റ് കൗൺസിൽ, ജില്ലാ സോഷ്യൽ ഓഡിറ്റ് റിസോഴ്സ് ടീം എന്നിവ ഉൾക്കൊള്ളുന്ന ഒരു സംഘടനാ സംവിധാനത്തിന് രൂപം കൊടുക്കുകയുണ്ടായി. സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ദിവസവേതനാടിസ്ഥാനത്തിൽ/കരാർ അടിസ്ഥാനത്തിൽ നിർദ്ദിഷ്ട തസ്തികകൾ സൃഷ്ടിക്കുവാനും ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് സംസ്ഥാന സോഷ്യൽ ഓഡിറ്റ് കൗൺസിലും സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെല്ലും പ്രവർത്തനം അരംഭിച്ചു.

പരാമർശം 4-ലെ ബഹു: മുഖ്യമന്ത്രി പ്രഖ്യാപിച്ച കർമ്മപദ്ധതിയിൽ 14 ജില്ലകളിലും ഓരോ പഞ്ചായത്തിൽ വീതം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ നടത്തിപ്പു സംബന്ധിച്ച മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിനുള്ള സമയബന്ധിത പരിപാടിയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതനുസരിച്ച് 2011 ഓഗസ്റ്റ് 24നു മുമ്പായി 14 ജില്ലകളിലും മാതൃകാ സോഷ്യൽ ഓഡിറ്റ് പൂർത്തിയാക്കേണ്ടതുണ്ട്. പരാമർശം 3 പ്രകാരം കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷനിൽ (കില) നിന്ന് പരിശീലക പരിശീലനം നടത്തുന്നതിന് രണ്ടു

ലക്ഷം രൂപ അനുവദിച്ചു കിട്ടി. തിരുവനന്തപുരം, പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ വിളപ്പിൽ, പുതുശ്ശേരി, കോടശ്ശേരി ഗ്രാമപഞ്ചായത്തുകളിലെ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ സോഷ്യൽ ഓഡിറ്റ്, പരിശീലനത്തിന്റെ ഭാഗമായി നടത്തുകയുണ്ടായി. ബാക്കിവരുന്ന 11 ജില്ലകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് 2011 ജൂലൈ 4 മുതൽ 2011 ഓഗസ്റ്റ് 24 വരെയുള്ള കാലയളവിൽ നടത്തുന്നതിനുള്ള വിശദമായ സമയ വിവര പട്ടിക സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടർ സമർപ്പിച്ചിട്ടുണ്ട്. മാതൃകാ സോഷ്യൽ ഓഡിറ്റ് സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് നടപ്പിലാക്കേണ്ട ക്രമീകരണങ്ങളും മറ്റു നടപടികളും അടങ്ങുന്ന നിർദ്ദേശങ്ങൾ സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനപ്രകാരം സംസ്ഥാന സോഷ്യൽ ഓഡിറ്റ് സെൽ ഡയറക്ടർ സർക്കാരിന് സമർപ്പിക്കുകയുണ്ടായി. ഇതിൻെറ അടിസ്ഥാനത്തിൽ താഴെ പറയുന്ന പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുന്നു.

i. ഓരോ ജില്ലയിലേയും സോഷ്യൽ ഓഡിറ്റ് സംഘടിപ്പിക്കുന്നതിന് ഏജീസ് ഓഫീസിൽ നിന്ന് വിരമിച്ച ഒരുദ്യോഗസ്ഥൻ, ഒരു സോഷ്യൽ അക്റ്റിവിസ്റ്റ്, യങ് പ്രൊഫഷണൽ മാതൃകയിലുള്ള ഒരാൾ എന്നീ മൂന്ന് പേർ വീതം പ്രവർത്തിക്കുന്ന ജില്ലാ ഓഫീസുകൾ തുടങ്ങാൻ അനുമതി നൽകുന്നു. ജില്ലാ ഓഫീസിൽ ദിവസവേതനാടിസ്ഥാനത്തിൽ നിയമിക്കപ്പെടുന്ന മേൽ വ്യക്തികൾക്ക് പ്രവൃത്തിയെടുക്കുന്ന ദിവസം 500 രൂപാ ക്രമത്തിൽ പ്രതിഫലം നൽകുന്നതാണ്.

ii. മേൽ വ്യക്തികളുടെ കുറഞ്ഞ യോഗ്യതകൾ താഴെപറയും പ്രകാരം നിശ്ചയിച്ചുകൊണ്ട് ഉത്തരവാകുന്നു.

| ക്രമ നം | വിഭാഗം | യോഗ്യത |
|---|---|---|
| 1 | ഏജീസ് ഓഫീസിൽ നിന്ന് വിരമിച്ചവർ | ഗ്രാജ്വേഷൻ,<br>ഓഡിറ്റ് ഓഫീസർ തസ്തികയിൽ നിന്ന് വിരമിച്ചവർ, അതാതു ജില്ലയിൽ താമസമുള്ളവർക്ക് മുൻഗണന.<br>പ്രായപരിധി - 65 വയസ്സ് |
| 2 | സോഷ്യൽ ആക്റ്റിവിസ്റ്റ് | ഗ്രാജ്വേഷൻ,<br>സാമൂഹ്യ പ്രവർത്തനരംഗത്ത് വികേന്ദ്രീകൃതാസൂത്രണം തുടങ്ങിയവയിൽ 10 വർഷത്തെ പരിചയം, അതാതു ജില്ലയിൽ നിന്നുള്ളവർക്ക് മുൻഗണന.<br>പ്രായപരിധി - 65 വയസ്സ്. |
| 3 | യംഗ് പ്രൊഫഷണൽ മാതൃകയിലുള്ള ഉദ്യോഗസ്ഥൻ | എഞ്ചിനീയറിംഗ് , സോഷ്യൽ വർക്ക് മുതലായവയിൽ ബിരുദമോ ബിരുദാനന്തര ബിരുദമോ അതാതു ജില്ലകളിൽ നിന്നുള്ളവർക്ക് മുൻഗണന.<br>പ്രായപരിധി - 35 വയസ്. ഈ വർഷം എഞ്ചിനീയറിംഗ് /പഠനം പൂർത്തിയാക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. |

നിശ്ചിത യോഗ്യതയുള്ളവരിൽ നിന്ന് അപേക്ഷ ക്ഷണിച്ച് അഭിമുഖം നടത്തി തികച്ചും സുതാര്യമായ അടിസ്ഥാനത്തിലായിരിക്കണം തെരെഞ്ഞെടുപ്പ് നടത്തേണ്ടത്.

iii. എന്നാൽ മാതൃകാ സോഷ്യൽ ഓഡിറ്റ് 24.8.2011-നു മുമ്പ് പൂർത്തിയാക്കേണ്ടതിനാലും അപേക്ഷകൾ ക്ഷണിച്ച് നടപടിക്രമങ്ങൾ പൂർത്തീകരിച്ച് മേൽ പറഞ്ഞവരെ തെരഞ്ഞെടുക്കാൻ ചുരുങ്ങിയത് രണ്ടു മാസമെങ്കിലും സമയം വേണമെന്നതിനാലും യോഗ്യതയുള്ള നിശ്ചിത എണ്ണം വ്യക്തികളെ കണ്ടു പിടിച്ച് ബയോഡാറ്റായുടെ അടിസ്ഥാനത്തിൽ ഓഗസ്റ്റ് അവസാനം വരെയോ നടപടിക്രമം പൂർണ്ണമായും പാലിച്ച് വ്യക്തികളെ തെരഞ്ഞെടുക്കുന്നതുവരെയോ ഏതാണ് ആദ്യമെന്നു വച്ചാൽ അതുവരെ തികച്ചും താല്ക്കാലികാടിസ്ഥാനത്തിൽ 500/-(അഞ്ഞൂറ് രൂപ മാത്രം) രൂപ പ്രതിദിന പ്രതിഫലത്തിൽ തെരഞ്ഞെടുക്കുവാൻ അനുമതി നൽകുന്നു. ഇങ്ങനെ തെരഞ്ഞെടുക്കപ്പെടുന്നവർക്ക് പിന്നീടുള്ള തെരഞ്ഞെടുപ്പിൽ യാതൊരു മുൻഗണനയോ അതിന്റെ പേരിൽ അവകാശവാദം ഉന്നയിക്കാൻ അവകാശമോ ഉണ്ടായിരിക്കുന്നതല്ല.

iv. ഓരോ പഞ്ചായത്തിലും വാർഡൊന്നിന് മൂന്നു ഗ്രാമീണ സോഷ്യൽ ഓഡിറ്റർമാരെ വീതം ഉദ്ദേശം 60 പേരെ തെരെഞ്ഞെടുത്ത് പരിശീലനം നല്കി രണ്ടു വാർഡുകളിൽ മാതൃകാ സോഷ്യൽ ഓഡിറ്റ് നടത്തുന്നതിന് 1,80,200/- (ഒരു ലക്ഷത്തി എൺപതിനായിരത്തി ഇരുനൂറ് രൂപ മാത്രം) രൂപ ചെലവ് പ്രതീക്ഷിക്കുന്നു. അങ്ങിനെ 14 പഞ്ചായത്തുകളിൽ മാതൃകാ ഓഡിറ്റ് നടത്തുന്നതിന് വേണ്ട 25,22,800 (ഇരുപത്തിയഞ്ച് ലക്ഷത്തി ഇരുപത്തിരണ്ടായിരത്തി എണ്ണൂറ് രൂപ മാത്രം) രൂപ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (കില)യിൽ നിന്ന് ലഭ്യമാക്കേണ്ടതാണ്. ഈ തുകയ്ക്കുള്ള ഡിമാന്റ് ഡ്രാഫ്റ്റ് സംസ്ഥാന സോഷ്യൽ ഓഡിറ്റ് ഡയറക്ടറുടെ പേരിൽ ഉടനെ എടുത്തു നൽകാൻ (കില) ഡയറക്ടർക്ക് അനുമതി നൽകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

രാജേഷ്കുമാർ സിംഗ്,
സെക്രട്ടറി.

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
മിഷൻ ഡയറക്ടർ, എൻ.ആർ.ജി.സെൽ, തിരുവനന്തപുരം.
സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ/ഡയറക്ടർ, സോഷ്യൽ ഓഡിറ്റ് സെൽ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡണ്ട്/സെക്രട്ടറിമാർക്കും.
എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡണ്ട് /സെക്രട്ടറിമാർക്കും. (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ഗ്രാമ പഞ്ചായത്ത് പ്രസിഡണ്ട് /സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
ഡയറക്ടർ, കില, മുളങ്കുന്നത്തുകാവ്, തൃശ്ശൂർ.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

എല്ലാ ജില്ലാ പ്രോജക്റ്റ് ഡയറക്ടർ/ജോയിന്റ് പ്രോഗ്രാം
കോ-ഓർഡിനേറ്റർമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരളം, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ് ഇ), കേരളം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

പകർപ്പ്: ബഹു: പഞ്ചായത്ത് വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്,
അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.